(ബി) പ്രസ്തുത ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനാവശ്യമായ സ്ഥലം ലഭ്യമായിട്ടില്ല. ആയതിനാൽ ഈ പ്ലാന്റ് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയുവാൻ കഴിയുകയില്ല.

സംസ്ഥാനത്തിന്റെ പൊതു കടം

15 [*80] ശ്രീ. പി. നാരായണൻ :

,, കെ. പി. രാജേന്ദ്രൻ :

,, ബിനോയ് വിശ്വം :

,, പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പൊതു കടം ഇപ്പോൾ എത്രയാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) 2001 മേയ് മാസത്തിനുശേഷം സംസ്ഥാനത്തിന്റെ പൊതു കടം ഇതുവരെയായി എത്ര വർദ്ധിച്ചിട്ടുണ്ട് ;

(സി) പൊതു കടം വർദ്ധിക്കുന്നതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) കടം കുറച്ചുകൊണ്ടു വരുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) കടം തിരിച്ചടയ്ക്കുന്നതിന് എന്തൊക്കെ നടപടികൾ ഇപ്പോൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കാമോ ;

(എഫ്) കടം വാങ്ങിയ ഇനത്തിൽ സംസ്ഥാന സർക്കാർ നൽകേണ്ട പലിശ തുക എത്രയാണ് ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) :

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ 31-12-2005 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളു. ഇതുപ്രകാരം 31-12-2005 വരെയുള്ള സംസ്ഥാനത്തിന്റെ പൊതു കടം 44350 കോടി രൂപ ആയി കണക്കാക്കിയിരിക്കുന്നു.

(ബി) 1-4-2001-നുശേഷം സംസ്ഥാനത്തിന്റെ പൊതു കടത്തിൽ 20431 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

(സി) കഴിഞ്ഞ കുറെ വർഷങ്ങളായി പദ്ധതി ചെലവ് ഏതാണ്ട് പൂർണ്ണമായും കണ്ടെത്തുന്നത് ആസൂത്രണ കമ്മീഷന്റെ അനുമതിയോടെ എടുക്കുന്ന വിവിധ വായ്പകളിലൂടെയാണ്. ഓരോ വർഷവും വർദ്ധിച്ച തോതിലുള്ള വാർഷിക പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുന്നതിനാലാണ് പൊതു കടം വർദ്ധിക്കുന്നത്. കൂടാതെ മുൻ ബാദ്ധ്യതകൾ തീർത്തതിനാലും വൈദ്യുതി ബോർഡിന്റെ ബാദ്ധ്യത ഏറ്റെടുത്തതും വൈദ്യുതി ബോർഡിന് 'സബ്സിഡി' നൽകിയതും പൊതു കടം വർദ്ധിക്കാൻ ഇടയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വർഷംതോറും പദ്ധതിചെലവ് വർദ്ധിച്ചു വരുന്നതിനാൽ കടം എടുക്കുന്നത് കുറയ്ക്കാൻ സാധിക്കുന്നില്ല. എന്നാൽ പലിശയിനത്തിലുള്ള ബാദ്ധ്യത കുറച്ചു കൊണ്ടുവരാൻ 'ഡെബ്റ്റ് സ്വാപ്പ്', 'ഡെബ്റ്റ് കൺസോളിഡേഷൻ' പോലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എൽ.ഐ.സി., ജി.ഐ.സി., നബാർഡ്, എൻ.സി.ഡി.സി. എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള ഉയർന്ന പലിശ നിരക്കുള്ള വായ്പകൾ അവയുടെ ക്ലിപ്ത സമയത്തിന് മുൻപായി തിരിച്ചടയ്ക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) സർക്കാർ എടുത്തിട്ടുള്ള ഓരോ വായ്പകളും അവയുടെ തിരിച്ചടവ് വ്യവസ്ഥ പ്രകാരം കൃത്യമായും തിരിച്ചടയ്ക്കുന്നു.

(എഫ്) നടപ്പ് സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുസരിച്ച് പലിശയിനത്തിൽ നൽകേണ്ട തുക 3883.56 കോടിയാണ്.

കാർഷിക വായ്പകളുടെ പലിശ ഏകീകരിക്കുന്നതിനുള്ള നടപടി

16 [*81] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന, ജില്ലാ, പ്രാഥമിക സഹകരണ ബാങ്കുകൾ കാർഷിക വായ്പകൾക്ക് ഈടാക്കുന്ന പലിശ നിരക്കുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ആഡംബര വസ്തുക്കൾക്കായുള്ള വായ്പകളെക്കാൾ ഉയർന്ന പലിശ നിരക്കിലാണ് കാർഷിക ഗ്രാമ വികസന ബാങ്കുകൾ കാർഷിക വായ്പകൾ നൽകുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ദേശസാൽകൃത ബാങ്കുകളുടെ നിരക്കിൽ കാർഷിക വായ്പകളുടെ പലിശ കാർഷിക ഗ്രാമ വികസന ബാങ്കുകളിലും ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) :

(എ) സംസ്ഥാന സഹകരണ ബാങ്ക് 6.25% നിരക്കിൽ ജില്ലാ സഹകരണ ബാങ്കിനും ജില്ലാ സഹകരണ ബാങ്ക് പ്രാഥമിക സംഘങ്ങൾക്ക് 6.75% നിരക്കിലും പ്രാഥമിക സഹകരണ ബാങ്കുകൾ 25000 രൂപ വരെയുള്ള വായ്പകൾക്ക് പരമാവധി 8.5% നിരക്കിലും അതിനു മുകളിലുള്ള വായ്പകൾക്ക് പരമാവധി 9% നിരക്കിലും കാർഷിക വായ്പയ്ക്ക് പലിശ ഈടാക്കിവരുന്നു.

(ബി) ഇല്ല.

(സി) നബാർഡിൽ നിന്നുള്ള പുനർ വായ്പയെ ആശ്രയിച്ചാണ് കാർഷിക ഗ്രാമ വികസന ബാങ്കുകൾ കാർഷിക വായ്പ വിതരണം ചെയ്യുന്നത്. സ്വന്തമായി വിഭവ സമാഹരണം നടത്താത്ത സാഹചര്യത്തിൽ നബാർഡ് നിശ്ചയിക്കുന്ന പലിശ നിരക്കിലെ കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് പലിശ ഈടാക്കാൻ കഴിയുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly